"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4137 24.06.2019 ൽ മറുപടിയ്ക്ക്

**പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ**

| <u>ചോദ്യം</u><br>**ശ്രീ. എം. ഉമ്മർ**<br>**ഡോ.എം.കെ. മുനീർ**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | <u>ഉത്തരം</u><br>**ശ്രീ. കെ. രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | ലോകപരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത് പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വഴയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിലും, വനത്തിനു പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതിപഠന ക്യാമ്പ്, ബോധവൽക്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ, സെമിനാർ എന്നിവ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കുമായി സംഘടിപ്പിക്കാറുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേഷണം നടത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ തദ്ദേശീയ ഫലവൃക്ഷത്തൈകൾക്ക് മുൻഗണന നൽകി അവയുടെ ഉത് പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വൃക്ഷത്തൈകൾ ആവശ്യമായ തോതിൽ ഉത്പാദിപ്പിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ കഴിഞ്ഞിട്ടില്ല എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി തൈകൾ ഉത്പാദിപ്പിച്ച് സോഷ്യൽ ഫോറസ്ട്രി വിഭാഗം വിതരണം ചെയ്തു വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ തൈ ഉത്പാദനത്തിനായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് അനുവദിച്ചിരുന്നത് 14 കോടി രൂപയാണ്. എന്നാൽ പ്രളയത്തെ തുടർന്ന് പദ്ധതി വിഹിതത്തിൽ 20 % കുറവ് സർക്കാർ വരുത്തിയതുമൂലം ടി സാമ്പത്തിക വർഷത്തെ ചിലവുകൾ (4.67 കോടി രൂപ) 2019-20 സാമ്പത്തിക വർഷത്തിൽ തൈ ഉത്പാദനത്തിന് അനുവദിച്ച 14 കോടി രൂപയിൽ നിന്നും നൽകേണ്ട സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. തൻമൂലം 2019-20 സാമ്പത്തിക വർഷത്തിൽ തൈ ഉത്പാദനത്തിനായി 9.33 കോടി രൂപ മാത്രമേ ലഭ്യമാവുകയുള്ളൂ. തൈ ഉത്പാദനത്തിനായി അധിക അലോട്ട്മെന്റ് ലഭിക്കാത്ത പക്ഷം ഈ വർഷം ഗണ്യമായ കുറവ് വരുന്നതാണ്. |
| (സി) | മൂന്നു കോടി വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുവാൻ അമ്പത് കോടി രൂപ വകയിരുത്തേണ്ട സ്ഥാനത്ത് പതിനാല് കോടി രൂപ മാത്രമേ വകുപ്പിന് ലഭ്യമാക്കുവാൻ സാധിച്ചിട്ടുള്ളൂ എന്നതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട തുകയിൽ നിന്നാണ് തൈ ഉത്പാദനം നടത്തുന്നത്. മൂന്നു കോടി വൃക്ഷത്തൈകൾ നടുമെന്ന ബജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ്. സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 14 കോടി രൂപ മാത്രമേ തൈ ഉത്പാദിപ്പിക്കുവാൻ അനുവദിച്ചിരുന്നുള്ളൂ. ഈ തുക ഉപയോഗിച്ച് 66.12 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. |

Sajeev

സെക്ഷൻ ഓഫീസർ